ഭരണഭാഷ-മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം
dtekerala@gmail.com
0471 2561307

മേലെഴുത്ത് നമ്പർ: **:DTETVM/10401/2025-EA2 (EA)** തീയതി: **09-11-2026**

കേരള സംസ്ഥാന വയോജന നയം, **2026**-ൽ വിഭാവനം ചെയ്തിട്ടുള്ള വയോജന സൗഹൃദവും അവകാശാധിഷ്ഠിതവുമായ സമീപനത്തിന്റെയും മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി **(2019-2021)**-യുടെ ശിപാർശകളുടെയും സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ, മുതിർന്ന പൗരന്മാർക്ക് സർക്കാർ സേവനങ്ങൾ സുഗമമായും മാന്യമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിനും സർക്കാർ കാര്യാലയങ്ങൾ വയോജന സൗഹൃദമാക്കുന്നതിനുമായി വയോജന ക്ഷേമ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ അടിയന്തിര നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

Digitally signed by Jayaprakash P
Date: 09-11-2026 16:42:43

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്:

വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും (ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. വ.ക്ഷേ.വ.-എ2/14/2026/വ.ക്ഷേ.വ.
വയോജന ക്ഷേമ വകുപ്പ്
തിരുവനന്തപുരം,
തീയതി: 08-09-2026

സർക്കുലർ

വിഷയം:- വയോജന ക്ഷേമ വകുപ്പ് — സർക്കാർ കാര്യാലയങ്ങൾ വയോജന സൗഹൃദമാക്കുന്നത് — മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് — സംബന്ധിച്ച്.

സൂചന:- 1. കേരള സംസ്ഥാന വയോജന നയം, 2026.
2. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2019-2021) -യുടെ മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 1, 2 -ലെ ശിപാർശകൾ.

കേരള സംസ്ഥാന വയോജന നയം, 2026-ൽ വിഭാവനം ചെയ്തിട്ടുള്ള വയോജന സൗഹൃദവും അവകാശാധിഷ്ഠിതവുമായ സമീപനത്തിന്റെയും മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2019-2021)-യുടെ ശിപാർശകളുടെയും സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ, മുതിർന്ന പൗരന്മാർക്ക് സർക്കാർ സേവനങ്ങൾ സുഗമമായും മാന്യമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിനും സർക്കാർ കാര്യാലയങ്ങൾ വയോജന സൗഹൃദമാക്കുന്നതിനുമായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓരോ സർക്കാർ കാര്യാലയത്തിലും വയോജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതിനും പരാതികൾ കൈകാര്യം ചെയ്യുന്നതിനുമായി ഒരു ഉദ്യോഗസ്ഥനെ വയോജന സൗഹൃദ നോഡൽ ഓഫീസറായി നിയോഗിക്കേണ്ടതാണ്. നോഡൽ ഓഫീസർ വയോജനങ്ങൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഏകോപനം നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.
2. കൂടുതൽ വയോജനങ്ങൾ സേവനം തേടിയെത്തുന്ന കാര്യാലയങ്ങളിൽ **വയോജന സഹായ ഡെസ്ക് / മുൻഗണനാ കൗണ്ടർ** ഏർപ്പെടുത്തേണ്ടതാണ്. മറ്റ് കാര്യാലയങ്ങളിൽ നിലവിലുള്ള ഫ്രണ്ട് ഓഫീസിൽ തന്നെ വയോജനങ്ങൾക്ക് മുൻഗണനാ സഹായം ലഭ്യമാക്കേണ്ടതാണ്.

File No. DTETVM/10401/2025-EA2 (EA) (Computer No. 263582)
Generated from eOffice by Sruthilal M S, EA 2 (EA) DTE, EA2 (EA) DTE, DIRECTORATE OF TECHNICAL EDUCATION on 16/09/2026 11:06 AM

3. സർക്കാർ കാര്യാലയങ്ങളിൽ എത്തുന്ന വയോജനങ്ങൾക്ക് ദീർഘനേരം ക്യൂവിൽ കാത്തിരിക്കേണ്ട സാഹചര്യം ഒഴിവാക്കി മുൻഗണനാക്രമത്തിൽ സേവനം ലഭ്യമാക്കേണ്ടതും ആവശ്യമായിടത്ത് പ്രത്യേക ക്യൂ / ടോക്കൺ സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.
4. വയോജനങ്ങൾക്ക് ഇരിപ്പിടം, കുടിവെള്ളം, മതിയായ വെളിച്ചവും വായുസഞ്ചാരവും, വയോജന സൗഹൃദ ശുചിമുറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഓരോ കാര്യാലയത്തിലും ഉറപ്പാക്കേണ്ടതാണ്.
5. ഒന്നിലധികം നിലകളുള്ള സർക്കാർ കാര്യാലയങ്ങളിൽ വയോജനങ്ങൾക്ക് ആയാസരഹിതമായി എത്തിച്ചേരുന്നതിനായി ആവശ്യമായിടത്ത് റാമ്പ്, ലിഫ്റ്റ്, വീൽചെയർ, കൈപ്പിടികൾ തുടങ്ങിയ സൗകര്യങ്ങൾ ഉറപ്പാക്കി കാര്യാലയങ്ങളിലേക്കുള്ള വയോജനങ്ങളുടെ പ്രവേശനം സുഗമമാക്കേണ്ടതാണ്.
6. ഫ്രണ്ട് ഓഫീസിലെ ഉദ്യോഗസ്ഥർ വയോജനങ്ങളോട് മാന്യമായും ക്ഷമയോടെയും അനുഭാവപൂർവ്വമായും ഇടപെടേണ്ടതാണ്. ഇതിനാവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.
7. വിവിധ സേവനങ്ങൾക്ക് ആവശ്യമായ അപേക്ഷാ ഫോറങ്ങൾ, സമർപ്പിക്കേണ്ട രേഖകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ, സേവനം ലഭിക്കുന്ന സമയപരിധി എന്നിവ വലിയ അക്ഷരത്തിലും ലളിതമായ ഭാഷയിലും എല്ലാ കാര്യാലയങ്ങളിലും പ്രദർശിപ്പിക്കേണ്ടതാണ്.
8. അപേക്ഷ ലഭിക്കുന്ന ദിവസം തന്നെ സേവനം / സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന തീയതി അപേക്ഷകനെ അറിയിക്കേണ്ടതും സാധ്യമായിടത്ത് അന്നുതന്നെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. നിശ്ചിത സമയപരിധിയുള്ള സേവനങ്ങൾ അതത് സമയപരിധിക്കുള്ളിൽ നൽകേണ്ടതാണ്.
9. വയോജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേക പരാതി രജിസ്റ്റർ/ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്തുകയും പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. ആവശ്യമായ സാഹചര്യങ്ങളിൽ ,വയോജനങ്ങളുടെ പരാതികൾക്കും മാർഗനിർദ്ദേശത്തിനുമായി പ്രവർത്തിക്കുന്ന **'Elderline 14567'** ഉൾപ്പെടെയുള്ള അനുബന്ധ സംവിധാനങ്ങളുമായി ഏകോപനം നടത്താവുന്നതാണ്. .
10. സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വെബ്സൈറ്റുകളും ഓൺലൈൻ സേവനങ്ങളും വയോജനങ്ങൾക്ക് എളുപ്പത്തിൽ ഉപയോഗിക്കാവുന്ന രീതിയിൽ സജ്ജമാക്കേണ്ടതും ഡിജിറ്റൽ സേവനങ്ങൾ ഉപയോഗിക്കുന്നതിന് ബുദ്ധിമുട്ടുള്ള

File No. DTETVM/10401/2025-EA2 (EA) (Computer No. 263582)
Generated from eOffice by Sruthilal M S, EA 2 (EA) DTE, EA2 (EA) DTE, DIRECTORATE OF TECHNICAL EDUCATION on 16/09/2026 11:06 AM

വയോജനങ്ങൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കേണ്ടതുമാണ്.

11. കാര്യാലയങ്ങളിൽ എത്തുന്ന വയോജനങ്ങൾക്ക് അടിയന്തര പ്രാഥമിക ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ആവശ്യമായ First Aid സൗകര്യങ്ങളും ബന്ധപ്പെടേണ്ട ആരോഗ്യ സേവനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

12. ഓരോ സർക്കാർ കാര്യാലയവും വർഷത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും വയോജന സൗഹൃദ കാര്യാലയത്തിനുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഒരു ' വയോജന സൗഹൃദ ഓഫീസ് ചെക്ക്ലിസ്റ്റ് ' തയ്യാറാക്കി സ്വയം വിലയിരുത്തൽ നടത്തേണ്ടതാണ്.

13. വകുപ്പ് മേധാവികൾ/നിയന്ത്രണ ഉദ്യോഗസ്ഥർ , വയോജന സൗഹൃദ സംവിധാനങ്ങളുടെ നടപ്പാക്കൽ കാലാകാലങ്ങളിൽ പരിശോധിക്കുകയും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പ്രധാനപ്പെട്ട ഓഫീസുകളിൽ നടപ്പാക്കിയ സൗകര്യങ്ങളും ലഭിച്ച പരാതികളും അവയുടെ പരിഹാരവും സംബന്ധിച്ച റിപ്പോർട്ട് കാലാനുസൃതമായി ബന്ധപ്പെട്ട വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

14. വയോജനങ്ങളുടെ മാന്യത, സ്വാതന്ത്ര്യം, സ്വകാര്യത, സുരക്ഷ എന്നിവ സംരക്ഷിച്ചുകൊണ്ട് സർക്കാർ സേവനം നൽകേണ്ടതാണ്.

എല്ലാ വകുപ്പ് മേധാവികളും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ അതാത് സർക്കാർ വകുപ്പുകൾക്കും / സ്ഥാപനങ്ങൾക്കും ബാധകമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ, വയോജന സൗഹൃദ കാര്യാലയമാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്തേണ്ടതും അവ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഡോ.രത്തൻ യു കേൽകർ ഐ എ എസ്
സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Digitally signed by
Sajeeb A B
Date: 09-09-2026
14:54:15
സെക്ഷൻ ഓഫീസർ.

പകർപ്പ്:

1) എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും

File No. DTETVM/10401/2025-EA2 (EA) (Computer No. 263582)

Generated from eOffice by Sruthilal M S, EA 2 (EA) DTE, EA2 (EA) DTE, DIRECTORATE OF TECHNICAL EDUCATION on 16/09/2026 11:06 AM

2) സെക്രട്ടറി , വയോജന കമ്മീഷൻ
2) എല്ലാ വകുപ്പ് മേധാവികൾക്കും
3) എല്ലാ ജില്ലാ കളക്ടർമാർക്കും
4) ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
5) കരുതൽ ഫയൽ / ഓഫീസ് കോപ്പി.

File No. DTETVM/10401/2025-EA2 (EA) (Computer No. 263582)

Generated from eOffice by Sruthilal M S, EA 2 (EA) DTE, EA2 (EA) DTE, DIRECTORATE OF TECHNICAL EDUCATION on 16/09/2026 11:06 AM